## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2847** 10.12.2014-ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗങ്ങളിൽ നിന്നും മതപരിവർത്തനത്തിലൂടെ ക്രൈസ്തവരായവരുടെ ആനുകൂല്യങ്ങൾ

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി ക്രൈസ്തവരെ മതപരിഗണന കൂടാതെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (എ) | 1950-ലെ ഭരണഘടനാ വ്യവസ്ഥയനുസരിച്ച് നിലവിൽ ഹിന്ദു, സിഖ്, ബുദ്ധ മതവിഭാഗങ്ങളിൽ ഉൾപ്പെട്ടവർക്ക മാത്രമേ പട്ടികജാതി പദവി അനുഭവവേദ്യമാകുകയുള്ളൂ. ഭരണഘടനാ ഭേദഗതിയിൽക്കൂടി മാത്രമേ പ്രസ്തുത വ്യവസ്ഥയ്ക്ക് മാറ്റം വരുത്തുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | പട്ടികജാതി ക്രൈസ്തവരുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ എസ്.സി/എസ്.റ്റി കുട്ടികളുടേതിനു തുല്യമാക്കുന്നതിനുള്ള പ്രധാനതടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | പട്ടികജാതി ക്രൈസ്തവരുടെ കാര്യത്തിൽ ടി യാളുകളെ സംസ്ഥാനത്തിന്റെ മറ്റ് അർഹ വിഭാഗത്തിൽ (OEC) ഉൾപ്പെടുത്തി പട്ടികജാതി വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. |
| (സി) | ഇത്തരം കുട്ടികൾക്ക് സർക്കാർ ഇപ്പോൾ നൽകുന്ന ആനുകൂല്യങ്ങൾ ഏതെല്ലാമാണെന്നു വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ